'വിഡ്ഢിയായ സുൽത്താൻ' എന്ന് വിളിക്കപ്പെടുന്ന മുഹമ്മദ് ബിൻ തുഗ്ലക്ക് യഥാർത്ഥത്തിൽ അങ്ങനെ യായിരുന്നോ?

# മുഹമ്മദ് ബിൻ തുഗ്ലക്ക്

• സബാഹ് ആലുവ

ജുനാഅ്‌ ഖാൻ, ഉലുഗ് ഖാൻ എന്നീ പേരുകളിൽ ചരിത്രത്തിൽ അറിയപ്പെട്ട വ്യക്തിയാണ് മുഹമ്മദ് ബിൻ തുഗ്ലക്ക്. ചരിത്രം വാനോളം പുകഴ്ത്തുകയും അത്ര തന്നെ ഇകഴ്ത്തുകയും ചെയ്ത ഇന്ത്യയിലെ മുസ്‌ലിം ഭരണാധികാരികളിലെ അപൂർവ്വ പ്രതിഭാ പുരുഷന്മാരിലൊരാൾ.

അദ്ദേഹത്തിന്റെ പരിഷ്കാരത്തെപ്പറ്റി കേൾക്കാത്തവർ നമുക്കിടയിൽ കുറവാണ്. ഇന്ത്യ കണ്ട ഏറ്റവും മികച്ച പണ്ഡിതനും ബുദ്ധിമാനുമായ പരിഷ്കർത്താവിന് ചരിത്രം വിഡ്ഢിവേഷം ചാർത്തിയതിന്റെ കാരണം എന്തായിരുന്നു?

1326-ൽ മുഹമ്മദ് ബിൻ തുഗ്ലക്ക് ഡൽഹിയിൽ നിന്ന് തന്റെ തലസ്ഥാനം ഇന്നത്തെ മഹാരാഷ്ട്രയി



*മുഹമ്മദ് ബിൻ തുഗ്ലക്ക്*

▸▸ ഇന്ത്യയിൽ ഏറ്റവുമധികം വിമാനത്താവളങ്ങളുള്ള സംസ്ഥാനം- ഗുജറാത്ത്

ലെ ദൗലത്താബാദിലേക്ക് (ദിയോഗർ) മാറ്റി. പത്ത് വർഷത്തിനു ശേഷം ഡൽഹിയെ തന്നെ വീണ്ടും തലസ്ഥാനമായി തെരഞ്ഞെടുത്തെങ്കിലും ചരിത്രം അദ്ദേഹത്തെ പടു വിഡ്ഢിയായി ചിത്രീകരിച്ചു കഴിഞ്ഞിരുന്നു.

പ്രസ്തുത മാറ്റം അന്നത്തെ ജനങ്ങളുടെ സാമൂഹിക സംവിധാനങ്ങളെ പാടെ തകിടം മറിച്ചു. ചക്രവർത്തിയോടൊപ്പം പുറപ്പെട്ട ഡൽഹി നിവാസികൾക്ക് യാത്രയിൽ ധാരാളം പ്രതിസന്ധികൾ തരണം ചെയ്യേണ്ടി വന്നു. എങ്കിലും തന്റെ ലക്ഷ്യം അദ്ദേഹം പൂർത്തീകരിച്ചു.

ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ വലിയൊരു ഭാഗം അടക്കി ഭരിച്ചവരായിരുന്നു തുഗ്ലക്ക് വംശം. ദക്ഷിണേന്ത്യയെ ഡൽഹിയിൽ നിന്ന് നിയന്ത്രിക്കുന്നത് ബുദ്ധിമുട്ടാണെന്ന് മനസ്സിലാക്കിയ മുഹമ്മദ് അവിടെത്തന്നെയുള്ള ഏതെങ്കിലുമൊരു നഗരം തലസ്ഥാനമാക്കി ഭരണം സുഗമമാക്കാൻ തീരുമാനിച്ചതായിരുന്നു തലസ്ഥാന മാറ്റത്തിന് പിന്നിലുള്ള ഉദ്ദേശ്യം. ഡൽഹിയിലെ ജനങ്ങളെ മംഗോൾ ആക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള നടപടിയായും ഈ തലസ്ഥാന മാറ്റത്തെ ചരിത്രകാരന്മാർ നിരീക്ഷിക്കുന്നുണ്ട്.

മുഹമ്മദ് തുഗ്ലക്ക് പിന്നെയും പരിഷ്കരണങ്ങൾ നടത്തിക്കൊണ്ടിരുന്നു. പ്രജകളുടെ നന്മ മാത്രം മുന്നിൽ കണ്ട് തുടങ്ങിവെച്ച പല പ്രവർത്തനങ്ങളും വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു.



*മുഹമ്മദ് ബിൻ തുഗ്ലക്ക്*

## ദക്കിനി ഉർദു

മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ പത്ത് വർഷത്തെ ദക്ഷിണേന്ത്യയിലെ ഭരണനേട്ടങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ ചരിത്രത്തിനു കഴിഞ്ഞിരുന്നെങ്കിൽ പിൻതലമുറ ആ പരിഷ്കർത്താവിനെ കേവലം ഒരു വിഡ്ഢിയായി കാണില്ലായിരുന്നു. തലസ്ഥാന മാറ്റത്തിലൂടെ പിൽക്കാലത്ത് ദക്ഷിണേന്ത്യയിൽ അവിശ്വസനീയമായ മാറ്റങ്ങളുണ്ടായി. സംസ്കാരങ്ങളുടെ കൂടിച്ചേരലുകളിലൂടെ ഭാഷ, കല, സാഹിത്യം തുടങ്ങിയവ കൈമാറ്റം ചെയ്യപ്പെട്ടു. സാഹിത്യ രചനകളിലൂടെയും സാമൂഹിക ഇടപെടലുകളിലൂടെയും ഉർദു ഭാഷ ദക്ഷിണേന്ത്യക്ക് സുപരിചിതമായി.

കവികൾ, പണ്ഡിതന്മാർ, കലാകാരന്മാർ തുടങ്ങിയവരിലൂടെ ഉർദു, പേർഷ്യൻ ഭാഷകൾ ഇന്നത്തെ ഹൈദരബാദ് അടങ്ങുന്ന ഡക്കാൻ പ്രവിശ്യയിലെ ജനങ്ങൾക്കിടയിൽ വിപുലമായി പ്രചരിച്ചു. ഡൽഹിയിലെ കോടതി ഭാഷയായിരുന്ന പേർഷ്യൻ ഭാഷയുടെ സ്ഥാനം ദക്ഷിണേന്ത്യയിൽ ദക്കിനി ഉർദു എന്ന പുതിയ ഭാഷ കൈവശപ്പെടുത്തി. ധാരാളം അന്യഭാഷാ സാഹിത്യകൃതികൾ ഉർദുവിലേക്ക് പരിഭാഷ ചെയ്യപ്പെട്ടു. ദക്ഷിണേന്ത്യയിലെ പ്രധാന ഭാഷകളായ മറാത്തി, കൊങ്കിണി, തെലുങ്ക്, കന്നഡ ഭാഷകളോടൊപ്പം മഹാ

▸▸ ഇന്ത്യയിലെ ഏക നദീജന്യ തുറമുഖം– കൊൽക്കത്ത തുറമുഖം

രാഷ്ട്ര, ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഉർദു ഭാഷക്കും സാഹിത്യത്തിൽ സ്ഥാനംകൈവന്നു.

## യൂനാനി ചികിത്സ

യൂനാനി ചികിത്സാ രീതിക്ക് ഡക്കാൻ പ്രദേശങ്ങളിൽ ലഭിച്ച സ്വീകാര്യത തലസ്ഥാന മാറ്റത്തിന്റെ മറ്റൊരു നേട്ടമായി പിന്നീട് വിലയിരുത്തപ്പെട്ടു. ഡൽഹിയിൽ ആതുര സേവന രംഗത്ത് വലിയ മുന്നേറ്റങ്ങൾ നടത്തിയ മുഹമ്മദ് യൂനാനി സംവിധാനത്തെ വ്യവസ്ഥാപിതമായി നടപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രശസ്തരായ ഭിഷഗ്വരരെ ഡൽഹിയിലേക്ക് കൊണ്ടുവന്ന് സ്തുത്യർഹമായ സേവനങ്ങൾ നടത്തി.

മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ കൊട്ടാരവൈദ്യ പദവി (Royal Physician) അലങ്കരിച്ച സിയാ മുഹമ്മദ് ക്രോഡീകരിച്ച 'മജ്മൂയെ സിയാ' (Collection by Ziya)യിലൂടെ അന്നത്തെ മരുന്ന് കൂട്ടുകളുടെ യഥാർത്ഥ ചിത്രം ലഭിക്കും. ഡൽഹിയിൽ തുടങ്ങിവെച്ച യൂനാനി ചികിത്സാരീതി തലസ്ഥാന മാറ്റത്തിലൂടെ ഡക്കാൻ മേഖലയിലും പിൽക്കാലത്ത് ലഭ്യമായിത്തുടങ്ങി.

തലസ്ഥാന മാറ്റം ദക്ഷിണേന്ത്യയിലെ സൂഫി ധാരയുടെ മുന്നേറ്റത്തെ ഒരളവോളം സ്വാധീനിച്ചിട്ടുണ്ട്. ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്കായുള്ള വലിയൊരു വഴി തുറക്കപ്പെടുകയായിരുന്നു പ്രസ്തുത മാറ്റത്തിലൂടെ ദർഗകളും



*മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ കാലത്തെ നാണയങ്ങൾ*

ഖാൻഗാഹുകളും സൂഫി ചിന്തകൾക്ക് ശക്തി കൂട്ടി ഡക്കാനിലെ പല ഭാഗങ്ങളിലും ഉയർന്നു വന്നു.

## ഇബ്നു ബത്തൂത്തയും ദൗലത്താബാദിലേക്ക് പണി കഴിപ്പിച്ച റോഡും

ഇബ്നു ബത്തൂത്ത 9 വർഷം മുഹമ്മദിന്റെ ദർബാറിലെ മുഖ്യ ഖാദി പട്ടം അലങ്കരിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ യാത്രാ വിവരണ ഗ്രന്ഥമായ 'അർരിഹ്‌ല'യിൽ വിവരിക്കുന്നത് നോക്കുക: "ഡൽഹി സൽത്തനത്തിലെ പ്രധാന നഗരങ്ങളെയെല്ലാം റോഡുകൾ കൊണ്ട് ബന്ധിപ്പിച്ചിരിക്കുന്നു. ഡൽഹിയിൽ നിന്ന് ദൗലത്താബാദിലേക്കുള്ള റോഡായിരുന്നു അവയിൽ ഏറ്റവും പ്രൗഢമായത്. അതിന്റെ ഇരു വശങ്ങളിലും വലിയ വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചിരുന്നു." ഈ റോഡിലൂടെ യാത്ര ചെയ്ത ഇബ്നു ബത്തൂത്ത വിവരിക്കുന്നതിപ്രകാരമാണ്: "ഈ റോഡിലൂടെ യാത്ര ചെയ്യുന്നവർക്ക് തങ്ങൾ ഒരു തോട്ടത്തിലൂടെ കടന്നുപോകുന്ന പ്രതീതിയാണുണ്ടാവുക. ഓരോ നാഴിക ഇടവിട്ടും ചൗകികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ യാത്രക്കാർക്ക് ആവശ്യമായ എല്ലാ സാധനങ്ങളും ലഭിക്കും. ഈ നാൽപതു ദിവസവും തങ്ങൾ അങ്ങാടിയിലൂടെയാണ് കടന്നുപോകുന്നതെന്ന് തോന്നിപ്പിക്കും വിധം ഓരോ ഇടത്താവളങ്ങളിലും ചക്രവർത്തിക്ക് ഇറങ്ങി താമസിക്കാൻ വീടുകളുണ്ട്; സാധാരണ യാത്രക്കാർക്ക് വഴിയമ്പലങ്ങളും. ദരിദ്രരായ വഴിപോക്കർക്കു വഴിച്ചോറ് കൂടെ കൊണ്ടുവരേണ്ട ആവശ്യമില്ല. എല്ലാം അവർക്ക് സൗജന്യമായിത്തന്നെ ലഭിക്കും."




*തുഗ്ലക്കിനെക്കുറിച്ചുള്ള ഗ്രന്ഥം*

രാജാക്കന്മാരുടെ ചരിത്ര പഠനങ്ങളിൽ ഏതറ്റം വരെ സൂക്ഷ്മത പുലർത്തണമെന്നതിന്റെ പ്രാധാന്യമാണ് മുഹമ്മദ് ബിൻ തുഗ്ലക്കിനെ പറ്റിയുള്ള കഥകൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. "ഒരു മനുഷ്യന്റെ മരണത്തോടെ അയാളിലെ തിന്മകൾ കൊട്ടിഘോഷിക്കപ്പെടും, നന്മകൾ കുഴിച്ചുമൂടപ്പെടും" വില്യം ഷേക്സ്പിയറിന്റെ ഈ കവിതാശകലം മുഹമ്മദ് ബിൻ തുഗ്ലക്ക് എന്ന ധിഷണാശാലിയായ ഭരണാധികാരിക്ക് കൂടുതൽ യോജിക്കും എന്നതിൽ സംശയമില്ല. എന്നാൽ താൻ ജീവിച്ച കാലഘട്ടത്തിന്റെ മുന്നിൽ നടന്ന വ്യക്തിയായിരുന്നു മുഹമ്മദ് ബിൻ തുഗ്ലക്ക്. •

▸▸ സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ കമ്മീഷൻ– ഡോ. എസ് രാധാകൃഷ്ണ കമ്മീഷൻ